HLM-0200

The Heavenly Light Ministry

## ആത്മ നദി എന്നിലേക്ക്

ആത്മ നദി എന്നിലേക്ക് ഒഴുക്കുവാനായി
ആവലോടെ ഞാനും കാത്തിരുന്നപ്പോൾ
ആത്മ നാഥനെന്നോടു തൻ കരുണ കാട്ടി
ആത്മ നദി എന്നിലേക്കുമവനൊഴുക്കി

ആത്മ നദി എന്റെ പാദങ്ങൾ നനച്ചപ്പോൾ
ആനന്ദത്താലെന്റെയുള്ളം തുളുമ്പിപ്പോയി
പുതിയൊരു ശക്തി എന്നിലേക്കെൻ നാഥൻ
അനു നിമിഷം പകർന്നു തുടങ്ങി

ആത്മ നദി എന്റെ മുട്ടോളമെത്തിയപ്പോൾ
ആകുലം മറന്നു ഞാനാരാധിച്ചുപോയ്
അത്യന്ത ശക്തിയാലെൻ മൺ കൂടാരമങ്ങ്
പന്തു പോലെ പൊങ്ങി പൊങ്ങിത്തുടങ്ങി

ആത്മ നദി എന്റെ അരയോളമെത്തി
ആരുമറിയാത്തൊരു ഭാഷ ഞാൻ ചൊല്ലി
മനുഷ്യരോടല്ല എൻ ദൈവത്തോടു തന്നെ
അന്യ ഭാഷയിൽ സംസാരിച്ചു തുടങ്ങി

ആത്മനദി എന്റെ ശിരസ്സോളമെത്തി
എൻ പാദങ്ങൾ തറയിലുറക്കാതെയായ്
എൻ ദേഹത്തിനു തെല്ലും ഭാരമില്ലാതായി
ഞാനാത്മ നദിയിലങ്ങു നീന്തിത്തുടങ്ങി